## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3829 — 17/10/2011 ൽ മറുപടിയ്ക്ക്

# പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനായി ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | (ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ (30 /8/ 11 വരെ) 4,60,38,257/- രൂപ (നാലുകോടി അറുപതു ലക്ഷത്തി മുപ്പത്തെണ്ണായിരത്തി ഇരുന്നൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഐ.ടി.ഐ. വിദ്യാർത്ഥികളുടെ സ്റ്റൈപ്പെന്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 1/6/2011 മുതൽ പ്രാബല്യത്തിൽ വരത്തക്കരീതിയിൽ നിലവിലുള്ള ആനുകൂല്യത്തിൽ നിന്നും 20% വർദ്ധിപ്പിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്കു പുറമേ 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് അനുവദിച്ചു. മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്പ് അനുവദിച്ചു. മോഡൽ റസിഡൻഷ്യൽ / ആശ്രമ / ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ / പോസ്റ്റ്മെട്രിക് /പ്രീമെട്രിക് ഹോസ്റ്റലുകളിലെ ലൈബ്രറി സൗകര്യം വികസിപ്പിച്ചു. പ്രീമെട്രിക് / പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ /ടെലിവിഷൻ ഇവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. ഇടുക്കി ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിനും പാലക്കാട് ജില്ലയിലെ മലമ്പുഴ ആശ്രമം സ്കൂളിനും വേണ്ടി നിർമ്മിച്ച പുതിയ കെട്ടിടങ്ങൾ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. മീനങ്ങാടി, അമ്പലവയൽ, കാക്കവയൽ എന്നിവിടങ്ങളിൽ നിർമ്മാണം പൂർത്തിയായ ഹോസ്റ്റൽ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു. MRS/Girls ഹോസ്റ്റലുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിച്ചു. 2012-ലെ മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രത്യേക പരിശീലന പരിപാടി താമസസൗകര്യത്തോടുകൂടി ആരംഭിച്ചു.

സെക്ഷൻ ഓഫീസർ